# Malayala Manorama

## 20 August 2018

## Paravoor, Kuthiathodu, Church Collapsed

# കരളലിയിച്ച് കുത്തിയതോട്; രണ്ടു മൃതദേഹങ്ങൾ കിട്ടി

■ തകർന്നു വീണത് ദുരിതാശ്വാസ ക്യാംപ് പ്രവർത്തിച്ച പള്ളിമേട; നാലുപേരെ കാണാനില്ല

**മനോരമ ലേഖകൻ**

കൊച്ചി • പറവൂർ നോർത്ത് കുത്തിയതോട്ടിൽ ദുരിതാശ്വാസ ക്യാംപായിരുന്ന പള്ളിമേട ഇടിഞ്ഞുവീണുണ്ടായ അപകടത്തിൽ മരിച്ച രണ്ടുപേരുടെ മൃതദേഹം ഇന്നലെ പുലർച്ചെ രക്ഷാപ്രവർത്തകർ കണ്ടെടുത്തു. കുത്തിയതോട് തലയ്ക്കൽ ജയിംസ് (55), സേവ്യർ (45) എന്നിവരുടെ മൃതദേഹങ്ങളാണു കിട്ടിയത്. നാലുപേരെക്കൂടി കണ്ടെത്താനുണ്ട്. പൗലോസ്, കുഞ്ഞൗസേഫ്, ഇലഞ്ഞിക്കാടൻ ജോമോൻ, ജോമോന്റെ പിതാവ് എന്നിവരെയാണു കാണാതായത്.



പറവൂർ കുത്തിയതോട് പള്ളിയുടെ തകർന്നു വീണ കെട്ടിടം ചൂണ്ടിക്കാണിക്കുന്ന യുവാവ്. (വിഡിയോ ദൃശ്യം)

സെന്റ് സേവ്യേഴ്സ് പള്ളി(പടിഞ്ഞാറേ പള്ളി)യുടെ പള്ളിമേടയാണ് ഇടിഞ്ഞുവീണത്. കുന്നുകര പഞ്ചായത്തിലെ താഴ്ന്ന പ്രദേശങ്ങളിലെ ക്യാംപുകളിൽ വെള്ളം കയറിയതോടെ സെന്റ് സേവ്യേഴ്സ് പള്ളിയുടെ പാരിഷ് ഹാൾ, പള്ളിമേട, പാരിഷ് ഹാളിന് അടുത്തുള്ള രണ്ട് ഇരുനില വീടുകൾ, പള്ളിയോടു ചേർന്നുള്ള മഠം എന്നിവിടങ്ങളിലായി ആയിരത്തി അഞ്ഞൂറോളംപേർ അഭയം തേടിയിരുന്നു. 15ന് ആണ് ക്യാംപ് തുടങ്ങിയത്. രണ്ടു ദിവസം ഭക്ഷണമോ വെള്ളമോ ലഭിച്ചില്ല. 16നു രാത്രി നേവി ഹെലികോപ്റ്ററിൽ എത്തിച്ച ഭക്ഷണം വാങ്ങാനായി കൂടുതൽപേർ പള്ളിമേടയുടെ ഒന്നാം നിലയിലെ വരാന്തയിലേക്കെത്തി. കാലപ്പഴക്കംചെന്ന കെട്ടിടത്തിന്റെ ഒരു ഭാഗത്തു ഭാരം കൂടി. ഹെലികോപ്റ്റർ താഴ്ന്നു പറന്നു നിന്നതിന്റെ ഇളക്കംകൂടിയായതോടെ കെട്ടിടം തകർന്നു വീഴുകയായിരുന്നുവെന്നു പറയുന്നു. ചുറ്റും ഒരാൾപൊക്കത്തിൽ വെള്ളം ഉണ്ടായിരുന്നതു സ്ഥിതി ഗുരുതരമാക്കി. ക്യാംപിലുണ്ടായിരുന്നവർതന്നെ ആളുകളെ രക്ഷപ്പെടുത്തി. കെട്ടിടത്തിനടിയിൽ പെട്ടവരാകാം മരിച്ചതെന്നു കരുതുന്നു. രണ്ടു മൃതദേഹങ്ങളും കളമശേരി ഗവ. മെഡിക്കൽ കോളജ് ആശുപത്രി മോർച്ചറിയിൽ.

ഏതാണ്ട് 90 വർഷം പഴക്കമുള്ള പള്ളിമേടയാണ് അപകടത്തിൽപെട്ടത്. കാണാതായവർക്കുവേണ്ടിയുള്ള തിരച്ചിൽ ഇന്നലെ വൈകിട്ടോടെ നിർത്തി. ഇനി വെള്ളം ഇറങ്ങിയാലേ പരിശോധിക്കാനാകൂ. പെരിയാറിന്റെയും ചാലക്കുടിപ്പുഴയുടെയും കൈവഴികളും മാഞ്ഞാലിത്തോടും കായലും സംഗമിക്കുന്ന പ്രദേശമാണ് കുത്തിയതോട്. ഇവിടുത്തെ അവസ്ഥയെക്കുറിച്ചു രോഷവും വേദനയും അണപൊട്ടിയ വാക്കുകളിൽ വിവരിക്കുന്ന യുവാവിന്റെ വിഡിയോ ആണ് ദുരന്തം ശ്രദ്ധയിൽ കൊണ്ടുവന്നത്.

പേജ് 6 കാണുക